ഫോണിൽ ഈ ഭൂപടങ്ങൾ
കാണാൻ സ്കാൻ ചെയ്യുക

ചാള ലഭ്യതയ്ക്കായി കാത്തു സൂക്ഷിക്കേണ്ട പ്രധാന സ്ഥലങ്ങൾ

നമ്മുടെ ഉപജീവനമാർഗമായ ചൂരമത്സ്യബന്ധനത്തിൽ ഏറെ പ്രധാനപ്പെട്ടതാണ് ചാളകൾ. ഇവയുടെ ആവാസയിടങ്ങളെ സംരക്ഷിക്കുന്നതിലൂടെ ചാളയുടെ സുസ്ഥിരമായ ലഭ്യത നമുക്ക് ഉറപ്പുവരുത്താം.

പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ ചാളയുടെ ലഭ്യതയെയും ബാധിക്കുന്നു.

സമുദ്രവിഭവങ്ങളുടെ സംരക്ഷണത്തിന് പരമ്പരാഗതമായ മത്സ്യബന്ധന രീതികളെയും അറിവിനെയും മുറുകേപ്പിടിക്കേണ്ടത് വളരെ അനിവാര്യമാണ്. അതിനാൽ മത്സ്യത്തൊഴിലാളികളുമായി ചേർന്ന് ഞങ്ങൾ കടലിലെ പ്രധാന സ്ഥലങ്ങളുടെയും ചാളയുടെ ആവാസയിടങ്ങളുടെയും ഭൂപടങ്ങളുണ്ടാക്കി അവയെ പരിപാലിക്കാൻ ശ്രമിക്കുന്നു.



ഭൂപടമുണ്ടാക്കിയ രീതി

അഗത്തി, കവരത്തി, കടമത്ത് ദ്വീപുകളിലെ പരിചയസമ്പന്നരായ മത്സ്യത്തൊഴിലാളികളുമായി ചേർന്ന് ചാളയുടെ ഇനങ്ങളും അവയുടെ മത്സ്യബന്ധന കേന്ദ്രങ്ങളും മുട്ടയിടുന്ന പ്രദേശങ്ങളും സമഗ്രമായി തിരിച്ചറിയുകയും ജിയോഗ്രഫിക്കൽ പൊസിഷനിംഗ് സിസ്റ്റം (ജിപിഎസ്) ഉപയോഗിച്ച് ഈ പ്രദേശങ്ങളുടെ ജിയോസ്പേഷ്യൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഈ വിവരങ്ങൾ ഉൾപ്പെടുത്തി ഭൂപടങ്ങൾ തയ്യാറാക്കുകയും കൂടുതൽ മത്സ്യത്തൊഴിലാളികളുമായി ചർച്ച ചെയ്ത് വിവരങ്ങൾ ഉറപ്പു വരുത്തുകയും ചെയ്തു.

നമ്മുടെ കടൽ,നമ്മുടെ ഭൂപടങ്ങൾ

- കടലിടങ്ങളുടെ ഭൂപടങ്ങൾ തയ്യാറാക്കുന്നതും പങ്കിടുന്നതുംവഴി ലക്ഷദ്വീപിലെ മത്സ്യത്തൊഴിലാളി സമൂഹം, സർക്കാർ ഉദ്യോഗസ്ഥർ, സർക്കാരിതര സംഘടനകൾ, ഗവേഷകർ, സ്വകാര്യ-പൊതു മേഖലസ്ഥാപനങ്ങൾ, പൊതുജനം തുടങ്ങിയവർ തമ്മിലുള്ള അറിവ് കൈമാറ്റം സാധ്യമാവുന്നു.

- പാരമ്പര്യമായി മത്സ്യത്തൊഴിലാളികൾ അവരുടെ ജീവനോപാധിക്കായ് കാത്തുസൂക്ഷിച്ചുവരുന്ന കടലിടങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവയുടെ ഉടമസ്ഥതതയും വിനിയോഗവും എക്കാലവും ഔദ്യോഗികമായി ഉറപ്പുവരുത്തുന്നതിനും ഈ മാപ്പുകൾ ഉപയോഗിക്കാം.

- ചാള പോലുള്ള പ്രധാന വിഭവങ്ങളുടെ സംരക്ഷണത്തിനും സുസ്ഥിരമായ ഉപയോഗത്തിനുമായി ഈ സ്ഥലങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പ്രാദേശിക ജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കാനും ഈ മാപ്പുകൾ ഉപകരിക്കും.